LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ്

25 (*55) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് സർക്കാർ നയരൂപീകരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ-സി) വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന ഭൂമിക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് ഇതുവരെ തീരുമാനമെടുത്തിട്ടില്ല.

വ്യാജ കൈത്തറി ഉല്പന്നങ്ങൾ

26 (*56) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പവർലൂമിൽ നെയ്ത തുണിത്തരങ്ങൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന് വ്യാജ കൈത്തറി ഉല്പന്നങ്ങളായി സംസ്ഥാനത്ത് വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാജ കൈത്തറി ഉല്പന്നങ്ങൾ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;